# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2397

12.06.2018 ൽ മറുപടിക്ക്

### നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്: | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ തയ്യാറാക്കിയ നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടികയിൽ കേരളത്തിന്റെ സ്ഥാനം നിലവിൽ എത്രയാണ്; | (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റസ്ട്രിയൽ പോളിസി & പ്രൊമോഷൻ തയ്യാറാക്കിയ ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ 2016 ലെ റാങ്ക് 20 ആയിരുന്നു, 2017 ലെ റാങ്കിംഗ് നടന്നുവരികയാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ചെറുകിട വ്യവസായ ആവശ്യത്തിനായി പുതിയ വ്യവസായ വികസന പ്ലോട്ടുകൾ ആരംഭിച്ചിട്ടുണ്ടോ; ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും, പുതിയ വ്യവസായ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | കേരളത്തിൽ വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. ഒരേ വ്യവസായപ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾക്കൊള്ളിക്കാൻ തക്ക അധിക സ്ഥലസൗകര്യം ലഭ്യമാക്കുന്ന ബഹുനില മന്ദിരങ്ങൾ അത്യാവശ്യമാണ്. ബഹുനില വ്യവസായ എസ്റ്റേറ്റുകൾ , വകുപ്പിന്റെ കീഴിൽ വരുന്ന ഡി എ/ ഡി. പി -കളിൽ പുതിയ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കികൊണ്ടിരിക്കുന്ന വേളി(i) (ii) ഘട്ടങ്ങൾ, ഷൊർണ്ണൂർ, പുഴയ്ക്കൽ പാടം (i) (ii) ഘട്ടങ്ങൾ, പുന്നപ്ര, പുതുശ്ശേരി, മഞ്ചേരി, വരവൂർ എന്നിവിടങ്ങളിൽ ബഹുനില സമുച്ചയങ്ങൾ പൂർത്തീകരിക്കുന്നതിനുമായി ഈ സാമ്പത്തികവർഷം 3666.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാരിന്റെ കാലത്ത് വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു ; | (സി) | കെ എസ് ഐ ഡി സി മുഖാന്തിരം വനിതാകംരംഭകത്വ മിഷൻ അഥവാ വീ - മിഷൻ വഴി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. |
| (ഡി) | അക്കാലത്ത് രൂപീകരിച്ച ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് എന്നിവയുടെ രൂപീകരണം സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് മാത്രം സഹായകമായി എന്ന് വ്യക്തമാക്കാമോ? | (ഡി) | 24.09.2012-ലെ സ.ഉ.(സാധാ) നം.1412/2012/ വ്യവ. സർക്കാർ ഉത്തരവ് പ്രകാരം 2012-ൽ നടന്ന എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും പ്രോജക്ടുകളെക്കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിരുന്നു.<br>കേരളത്തിലെനിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും, പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും, കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുവാനും നിക്ഷേപസാധ്യതകൾ വർദ്ധിപ്പിക്കുവാനും എമർജിംഗ് കേരള സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്.<br>2012-ൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ ലഭിച്ച വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ കെ.എസ്.ഐ.ഡി.സിയുടെ മേൽനോട്ടത്തിൽ ആയിരുന്നു. ആയതിൽ 5 പദ്ധതികൾ പൂർത്തിയാവുകയും 9 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൺസ് ബോർഡ് എന്നിവയുടെ രൂപീകരണം സംസ്ഥാനത്ത് കിൻഫ്ര പാർക്കുകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് സഹായകരമായിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1/2

EK 2012 Projects - Industries Department

Total Projects: 14

Completed: 5, Under implementation: 1, Preliminary stage: 8

| Sl. No. | Project | Promoter/Company | Sector | Indicative Cost (Rs. Crores) | Status |
|---|---|---|---|---|---|
| 1 | Mini Food Park (Bio Nutra Park), Perumbavoor, Kochi. Mfg. of clean, steam-sterilised spices & seasoning products (Phases-I&II) | Akay Flavours Group - Manoj Mathew | Food Processing | 200.00 | Completed |
| 2 | HDPE Storage Tank manufacturing unit , Kottayam | Kelachandra Group - C.T. Thomas | Infrastructure and Manufacturing | 9.00 | Completed |
| 3 | Kochi Refinery Expansion Project, Kochi Refinery (Refinery expansion from 9.5MMTPA to 15.5MMTPcapacity) | BPCL-George Paul | Petroleum and Natural Gas | 12000.00 | Completed |
| 4 | Milk Processing Plant, Kattakkada, Trivandrum | Muralya Diary Product - Dr Jayachandran | Food Processing | 42.00 | Completed |
| 5 | M/s Prodair Air Products Ltd, Kochi (Gas Supply Facility) | Mr. Amar Hulle, Project Manager | Petroleum and Natural Gas | 2250.00 | Completed |
| 6 | Petrochemical JV Projects of BPCL , Ambalamugal, Kochi (Prodn. of Propylene derivatives) | BPCL-George Paul | Petroleum and Natural Gas | 6000.00 | Under Implementation (Nearing 75% completion of construction works) |
| 7 | Integrated Dairy Farm, Idukki/ EKM (Dairy Farm (in Marayur, Idukki) & Processing plant (in EKM)) | Palmount Farms India Ltd - Abdul Jalal | Food Processing | 158.53 | Preliminary stage |
| 8 | Pre-stressed & Pre-fabricated Housing Component , Palakkad (Manufacture of precast elements with capacity of 1,20,000 sq.m/annum) | E-Cube Structural Combines - Eapen George | Infrastructure and Manufacturing | 25.00 | Preliminary stage |
| 9 | Poly Iso Butylene (PIB) Project , Ambalamugal, Kochi | Kothari Petrochemicals, Chennai- R.R. Dave | Petroleum and Natural Gas | 100.00 | Preliminary stage |

| | | | | | |
|---|---|---|---|---|---|
| 10 | Cumene Plant, Kochi | Deepak Nitrite Ltd.,(DNL) Vadodara-Rakesh B Gupta | Petroleum and Natural Gas | 220.00 | Preliminary stage |
| 11 | EPDM Rubber Project (Petrochemical unit) | Duncan Goenka Group | Petroleum and Natural Gas | 600.00 | Preliminary stage |
| 12 | Vinati Organics Ltd., Mumbai (manufacturing Para Cresol) | Vinati Organics Ltd. | Petroleum and Natural Gas | 500.00 | Preliminary stage |
| 13 | Mareena Petrochemicals Pvt. Ltd., Kochi (manufacturing paint) | Shri Xavier Kutty, MD, Mereena Petrochemicals Pvt. Ltd. | Petroleum and Natural Gas | 30.00 | Preliminary stage |
| 14 | Hindustan Organic Chemicals Ltd., Kochi (manufactuirng phenol) | Hindustan Organic Chemicals Ltd. | Petroleum and Natural Gas | 1200.00 | Preliminary stage |
| **Total** | | | | **23334.53** | |

സെക്ഷൻ ഓഫീസർ